# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

## വടക്കാഞ്ചേരി ബ്ലോക്ക്, തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 24/2018(48), വെള്ളിയാഴ്ച** — **തീയ്യതി 14.06.2018**

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 15.06.2018 | 16.06.2018 | 17.06.2018 | 18.06.2018 | 19.06.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 50 | 38 | 20 | 20 | 20 |
| ഉയർന്ന താപനില (°C ) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട്സ) | 8 | 8 | 8 | 8 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 015 | 015 | 015 | 015 | 015 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |
| അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്കു സാധ്യത | | | | | |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി,കാഞ്ചന) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് 4-5 ഇല പ്രായത്തിൽപറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നടുന്നതു വഴി പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി എന്നീ കുമിൾ രോഗങ്ങളെ നിയന്ത്രിക്കാം. ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് എന്ന കണക്കിന് വെള്ളത്തിൽ കലക്കി കൾച്ചർ ലായനി ഉാക്കാം. |
| ഇഞ്ചി, മഞ്ഞൾ | നടീൽ | ഇഞ്ചി, മഞ്ഞൾ എന്നിവ നടാൻ അനുയോജ്യമായ സമയമാണ്. മൂട് ചീയൽ രോഗം തടയുന്നതിനായി വിത്തിഞ്ചി 0.3% മാങ്കോസെബ് അല്ലെങ്കിൽ 0.2% സാഫ് അല്ലെങ്കിൽ 2% സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. |
| പച്ചക്കറികൾ | മൃദുരോമപൂപ്പ് | തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയു ്. പ്രതിവിധിയായി കർസേറ്റ് എം-8 2 ഗ്രാം അല്ലെങ്കിൽ ഇക്വേഷൻ പ്രോ 1 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്ന കർഷകർ എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തണം. കുളമ്പുരോഗത്തിനും കുരലടപ്പനുമുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾക്കായി അടുത്ത മൃഗാശുപത്രിയുമായി ബന്ധപ്പെടുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** |